പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5822 28/03/2018 -ലെ മറുപടിക്ക്.

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ

ചോദ്യം

ശ്രീ.കെ. ദാസൻ :

മറുപടി

ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിന് ഒരു സ്ഥലത്തു തന്നെ ധാരാളം പേർക്ക് സെന്റർ അനുവദിക്കുന്നതിനാൽ ജന ബാഹുല്യം മൂലം ആളുകൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | കൂടുതൽ ജനങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് കാർഡിനായി വരുന്ന സെന്ററുകളിൽ ആവശ്യാനുസരണം കാർഡ് ലഭ്യമാക്കുന്ന മെഷിനറി സംവിധാനങ്ങളും ജീവനക്കാരെയും പ്രവർത്തന സജ്ജമാക്കുകയും, കൂടുതൽ ദിവസങ്ങളിലേക്ക് പ്രസ്തുത കാർഡ് വിതരണ ക്യാമ്പുകൾ നിലനിർത്തുകയും ചെയ്തുവരുന്നു. ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാൽ കാർഡ് എടുക്കാൻ വരുന്ന ജനങ്ങൾക്ക പ്രയാസം കൂടാതെ തന്നെ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുവാൻ സാധിക്കുന്നുണ്ട്.<br>കാർഡ് വിതരണത്തിൽ എന്തെങ്കിലും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഉടൻ പരിഹരിക്കുന്നതുമാണ്. |
| (ബി) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | | |
| (സി) | ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ